# 2015 ലെ ഇന്ത്യൻ വിവരാവകാശ നിയമം
# 1-ാം അപ്പീൽ അപേക്ഷ

7446/17
13/11

സ്വീകർത്താവ്

**ജില്ലാ സാമൂഹ്യനീതി ആഫീസർ**
**ഒന്നാം അപ്പലേറ്റ് അതോറിറ്റി**
**ജില്ലാ സാമൂഹ്യനീതി ഓഫീസ്**
**പൂജപ്പുര, തിരുവനന്തപുരം**

വിഷയം : **അതിയന്നൂർ ഐ. സി. ഡി. എസ് വിവരാവകാശം മറുപടി അപ്പീൽ സംബന്ധിച്ച്**

സൂചന : **അതിയന്നൂർ ഐ. സി. ഡി. എസിൽ നിന്ന് 13/10/2017-ാം തിയതി രേഖപ്പെടുത്തി ഐ. സി. ഡി. എസ്/എ/360/17-ാം നമ്പർ വിവരാവകാശ മറുപടി**

D

## അപ്പീൽ ഹർജി

ഇന്ത്യൻ വിവരാവകാശ നിയമം സെക്ഷൻ - 6 പ്രകാരമുള്ള നോട്ടീസ് ഞാൻ അതിയന്നൂർ സംയോജിത ശിശുവികസന ഓഫീസർക്ക് 20/09/2017 ന് നൽകിയിരുന്നതിൽ പ്രകാരം എനിക്ക് ടി ഓഫീസിൽ നിന്ന് 13/10/2017 തിയതി വച്ചുള്ള മറുപടി കത്ത് സാധാരണ തപാലിൽ 21/10/2017 ന് ലഭിക്കുകയുണ്ടായി. ഞാൻ ചോദിച്ച ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി ലഭിച്ചിട്ടില്ല, ചില ചോദ്യങ്ങൾക്ക് പണ്ട് മറുപടി നൽകി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത്തരത്തിൽ വ്യക്തയില്ലാത്തതും ചോദ്യങ്ങൾക്ക് ഒന്നും തന്നെ ആവശ്യമായ മറുപടി തരാതെയും ആണ് ഈ മറുപടി കത്ത് ലഭ്യമാക്കിയിരിക്കുന്നത്. ചോദ്യ കർത്താവിന് ആവശ്യമെങ്കിൽ ഓഫീസ് രേഖകൾ പരിശോധിക്കാമെന്നും സൂചനയുണ്ട്. എന്നാൽ ഇത് ആവശ്യമില്ലാത്തതും ഞാൻ ചോദിച്ച മറുപടിക്ക് ഈ മറുപടി ഏതൊരുവിധ സാധൂകരണമില്ലാത്തതും ആകുന്നു.

ടി ചോദ്യപ്രകാരം ഉള്ള മറുപടിയോ, രേഖകളോ ഒന്നും തന്നെ യഥാവിധി ലഭിച്ചിട്ടില്ലാത്തതും ആകുന്നു. ഈ രീതിയിൽ ഒരു മറുപടി തന്നത് എന്റെ ചോദ്യപ്രകാരം ഉള്ള കക്ഷിയെ രക്ഷിക്കുന്നതിന് വേണ്ടിയാണ് എന്നത് ഈ മറുപടിയിൽ തന്നെ വ്യക്തമാണ്. ആയതിനാൽ ഈ ഹർജിയിൽ മേൽ 1-ാം ബഹു. അപ്പീൽ അധികാരി എന്റെ ഭാഗം കൂടെ കേട്ട് തീർപ്പ് കൽപ്പിക്കുന്നതിന് ഉള്ള നടപടി സ്വീകരിച്ച് ഈ നിയമ പ്രകാരം ഞാൻ നൽകിയ ചോദ്യാവലിക്ക് അനുസരിച്ച് ഉള്ള പൂർണ്ണ വിവരം ലഭ്യമാക്കി തരണം എന്നും ഞാൻ ചോദ്യപ്രകാരം ആവശ്യപ്പെട്ട രേഖകൾ അല്ല എനിക്ക് ഫീസ് ഒടുക്കിയപ്പോൾ ലഭിച്ചത് ഇത്തരത്തിൽ തെറ്റായ വിവരങ്ങൾ തന്ന് നിയമ ലംഘനം നടത്തിയ ബന്ധപ്പെട്ട അധികാരി കൾക്ക് എതിരെ നിയമപരമായ നടപടി സ്വീകരിക്കണമെന്നും ഇതിൽ ആവശ്യപ്പെട്ടുകൊണ്ട് അപ്പീൽ ഹർജി സമർപ്പിക്കുന്നു.

ബഹുമാനപൂർവ്വം

നെയ്യാറ്റിൻകര

08/11/2017

**ജെ. ആർ. സന്തോഷ്കുമാർ**
**കുഞ്ചുകോണം കിഴക്കേക്കര പുത്തൻവീട്**
**താന്നിമൂട്, താന്നിമൂട്. പി. ഒ**
**പിൻ - 695123**

**ഉള്ളടക്കം**

1. 20/09/2017 - ലെ വിവരാവകാശം 6-ാം നമ്പർ നോട്ടീസ്
2. 13/10/2017 ന് ലഭിച്ച മറുപടി പകർപ്പ്

## ഇന്ത്യൻ വിവരാവകാശ നിയമം സെക്ഷൻ 6 പ്രകാരം ഉള്ള വിവരം ലഭിക്കുന്നതിനുള്ള നോട്ടീസ്

സ്വീകർത്താവ്

സംയോജിത ശിശുവികസന ഓഫീസർ
അതിയന്നൂർ.

ഇന്ത്യൻ വിവരാവകാശ നിയമം സെക്ഷൻ 6 പ്രകാരമുള്ള വിവരം ലഭിക്കുന്നതിന് നൽകുന്ന ഈ നോട്ടീസിൽ ചുവടെ രേഖപ്പെടുത്തിയ ചോദ്യങ്ങൾക്കും ഉപചോദ്യങ്ങൾക്കുമുള്ള മറുപടിയും, ആയതിന്റെ രേഖയുടെ പകർപ്പ് സാക്ഷ്യപ്പെടുത്തിയും യഥാവിധി ക്രമ നമ്പരിട്ടും ലഭിക്കുന്നതിന് വേണ്ടി.

1. 19-11-2015 ന് ജെ.ആർ.സന്തോഷ് കുമാർ തന്ന പരാതിയിൽ മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം?
2. ടി പരാതിയിൽ മേൽ സ്വീകരിച്ച മുഴുവൻ ഫയലിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ലഭ്യമാക്കണം?
3. സിന്ധു.എസ്, അനന്തു ഭവൻ, കുഞ്ചുകോണം, താന്നിമൂട്.പി.ഒ എന്ന വ്യക്തി 2007 ന് ജോലിയിൽ പ്രവേശിക്കുമ്പോൾ അപേക്ഷയിൽ മേൽ നിയമനം നൽകിയതുവരെയുള്ള നടപടിക്രമം എങ്ങനെ ആയിരുന്നു? ആയതിന് വ്യക്തിഗത അഭിമുഖം ഉണ്ടായിരുന്നോ? അല്ലായെങ്കിൽ എന്തെല്ലാം പരിഗണനയുടെ അടിസ്ഥാനത്തിലാണ് ടിയാനെ ജോലിയിൽ താൽക്കാലികമായി 2007 ൽ നിയമിച്ചത്? ടിയാനെ നിയമിച്ച സെലക്ഷൻ പ്രോസസ്സ് എങ്ങനെയാണ്? ആയതിന്റെ മുഴുവൻ രേഖകളും. ഫയൽ നോട്ടിന്റെ പകർപ്പ്?
4. ശ്രീമതി.സിന്ധു.എസ് എന്ന 3-ാം ചോദ്യത്തിലെ വ്യക്തി അംഗൻവാടി ടീച്ചർ നിയമനത്തിനായി അപേക്ഷ നൽകിയ തീയതി? ഈ തീയതി മുതൽ ടിയാന് സ്ഥിര നിയമനം നൽകിയ തീയതി വരെ ടി നിയമനങ്ങളിൽ ടി ഓഫീസിലെ ഏതെല്ലാം ഓഫീസർ മാറിയിരുന്നു. സിന്ധുവിന്റെ ഫയൽ കൈകാര്യം ചെയ്തിരുന്നത്? അവരുടെ എല്ലാം പേര്? പദവി? ഇവർ നിലവിൽ സർവ്വീസിൽ ഉണ്ടോ? ഉണ്ടെങ്കിൽ എവിടെ? ഏത് പദവിയിൽ? പെൻഷൻ ആയി എങ്കിൽ എന്ന്? എവിടെ വച്ച്? ഈ വിവരങ്ങൾ വ്യക്തമായി ലഭിക്കണം.
5. ശ്രീമതി സിന്ധുവിന്റെ നിലവിലെ റേഷൻ കാർഡിന്റെ പകർപ്പ്? 2007 ൽ ടിയാന്റെ കാർഡ് ഏത് മേൽവിലാസത്തിൽ ആയിരുന്നു എന്നതിന്റെ രേഖ, ടിയാന്റെ സാക്ഷ്യപത്രം 2007 ൽ ടിയാന്റെ പേര് ഉൾപ്പെടുന്ന റേഷൻ കാർഡ് ഏത് മേൽ വിലാസത്തിൽ ആയിരുന്നു? ആ റേഷൻ കാർഡിന്റെ നിലവിലെ പകർപ്പ്?
6. ശ്രീമതി.സിന്ധു അപേക്ഷ നൽകിയപ്പോൾ ആ ഫയൽ കൈകാര്യം ചെയ്ത ഓഫീസർ ആര്?
7. ശ്രീമതി സിന്ധുവിന് നിയമനം നൽകിയപ്പോൾ ആരായിരുന്നു നിയമന ഉത്തരവുകൾ കൈകാര്യം ചെയ്തത്? പേര്? സ്ഥാനം?

മറുപുറം.2

8. ശ്രീമതി സിന്ധുവിന്റെ നിയമനത്തിന്റെ ഫയൽ രേഖകൾ ഓഫീസിൽ നിന്നും നഷ്ട്ടപ്പെട്ടപ്പോൾ ആരായിരുന്നു ആ രേഖകളുടെ സൂക്ഷിപ്പു ചുമതല? ടിയാന്റെ പേര്, പദവി?

9. ശ്രീമതി സിന്ധുവിന്റെ ആദ്യ അപേക്ഷ ഉൾപ്പെടെയുള്ള രേഖകളുടെ പകർപ്പ്? നിയമന ഉത്തരവ് സിന്ധു ജോലിക്ക് ഹാജരായ കാലത്ത് ഹാജരാക്കിയ രേഖകളുടെ പകർപ്പ്?

10. ഗുരുതരമായ ഒരു പരാതി നിലനിൽക്കുമ്പോൾ ടിയാനെ എന്ത് അടിസ്ഥാനത്തിൽ ഏത് നിയമത്തിന്റെ പിൻബലത്തിലാണ് നിയമിച്ചത്? ആയതിന്റെ രേഖകളുടെയും, ഉത്തരവിന്റെയും പകർപ്പ്?

11. ശ്രീമതി സിന്ധു.എസ് നിലവിൽ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥലം അംഗൻവാടി ഏത്? നമ്പർ? പഞ്ചായത്ത്? വാർഡ് എന്നിവ വ്യക്തമാക്കുക.

മേൽപ്പടി ചോദ്യങ്ങൾക്കുള്ള രേഖകളും മറുപടിയും യഥാവിധി ക്രമനമ്പരിട്ടും സാക്ഷ്യപ്പെടുത്തിയും ലഭിക്കുന്നതിനുള്ള ഫീസ് ഞാൻ നൽകുന്നതായിരിക്കും.

നെയ്യാറ്റിൻകര

20-09-2017

എന്ന്

(signature) 20/09/2017

ജെ.ആർ.സന്തോഷ് കുമാർ
കുഞ്ചുകോണം,
കിഴക്കേക്കര പുത്തൻ വീട്,
താന്നിമൂട്, താന്നിമൂട്.പി.ഒ,
തിരുവനന്തപുരം, പിൻ-695123.

Copy Received
(signature) 20/9/17
CD 720
Athiyannoor

OFFICE OF THE CHILD DEVELOPMENT PROJECT OFFICER
ATHIYANNOOR
PIN: 695 123